**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *711      04-11-2016 -ൽ മറുപടിക്ക്

## മഴക്കാലത്തെ വെള്ളപ്പൊക്കം നേരിടുന്നതിന് നടപടികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക്**<br>**ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി**<br>**ശ്രീ.ടി.എ.അഹമ്മദ് കബീർ**<br>**ശ്രീ.പാറക്കൽ അബ്ദുല്ല** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | മൺസൂൺ കാലത്തുണ്ടാകുന്ന വെള്ളപ്പൊക്കം നേരിടുന്നതിന് സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ വിശദമാക്കുമോ; | എ) | കാലവർഷ തയ്യാറെടുപ്പുമായി ബന്ധപ്പെട്ട് 02.05.2016 ലും 03.05.2016 ലും സംസ്ഥാന ദുരിതാശ്വാസ കമ്മീഷണറുടെ രണ്ട് യോഗങ്ങൾ ചേരുകയും മൺസൂൺ മുന്നൊരുക്കത്തിനുള്ള നിർദ്ദേശങ്ങൾ എല്ലാ ജില്ലകൾക്കും നൽകുകയും ചെയ്തിട്ടുണ്ട്. |
| ബി) | റോഡുവക്കുകളിലും, പൊതുസ്ഥലങ്ങളിലുമുള്ള മരങ്ങൾ മറിഞ്ഞുവീണും, പഴക്കമുള്ള മതിലുകളും കെട്ടിടങ്ങളും ഇടിഞ്ഞു വീണും ഉണ്ടാകാവുന്ന അപകടങ്ങൾ പരമാവധി ലഘൂകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | ബി) | അപകടാവസ്ഥയിൽ നിൽക്കുന്ന മരങ്ങളും/ ചില്ലകളും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പൊതുമരാമത്ത് വകുപ്പ് (റോഡ് ഡിവിഷന്റെ)യും നേതൃത്വത്തിൽ മുറിച്ച് മാറ്റി സുരക്ഷ ഉറപ്പുവരുത്തുവാൻ ജില്ലാ തലത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. സ്കൂൾ കെട്ടിടത്തിന്റെയും പഴക്കം വന്ന കെട്ടിടങ്ങൾ, മതിലുകൾ എന്നിവയുടെയും സുരക്ഷ ഉറപ്പ് വരുത്തുന്നതിന് വിദ്യാഭ്യാസ ഉപ. ഡയറക്ടർ, പൊതുമരാമത്ത് (കെട്ടിടം) അധികൃതർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി) | മഴവെള്ളമൊഴുക്ക് തടസ്സപ്പെടുത്തുന്ന തരത്തിലുള്ള കൈയേറ്റങ്ങൾ ഒഴിപ്പിക്കാൻ അടിയന്തര നിർദ്ദേശം നല്കുമോ? | സി) | മഴവെള്ളത്തിന്റെ ഒഴുക്കിനെ തടസ്സപ്പെടുത്തുന്ന തരത്തിലുള്ള കയ്യേറ്റങ്ങൾ നിയമപ്രകാരമുള്ള നോട്ടീസ് നൽകി ഒഴിപ്പിക്കുന്നതിന് ലാന്റ് റവന്യൂ കമ്മീഷണർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ